ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെഎച്ച്ആർഡബ്ല്യു.എസ്. പേവാർഡിന്റെ അറ്റകുറ്റപ്പണികൾ 2013-ാമാണ്ട് ആഗസ്റ്റിനുശേഷം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതിവർഷം പതിനാറു ലക്ഷത്തോളം രൂപ വരുമാനം ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത പേവാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

104 (878) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിലേയും ഒഴിവുകളുടെ എണ്ണം എത്ര ;

(ബി) ഈ ആശുപത്രികളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നഴ്സുമാർ ജോലി ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് അവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) സ്റ്റാഫ് നേഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താല്ക്കാലികാടിസ്ഥാനത്തിൽ നേഴ്സുമാരെ നിയമിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഗ്രേഡ് രണ്ട്, അറ്റൻഡർ തുടങ്ങിയ തസ്തികകളിൽ പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ളവ എത്ര ; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള തടസ്സം ഏതെങ്കിലും നിലനിൽക്കുന്നുണ്ടോ ;

(എഫ്) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം താഴെ ചേർത്തിരിക്കുന്നു.

മെഡിക്കൽ കോളേജ് ആശുപത്രി	-	16
മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രി	-	9
ജില്ലാ ആശുപത്രി	-	1

LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് ആശുപത്രി, ചാവക്കാട്	-	3
താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി	-	2
താലൂക്ക് ആശുപത്രി, കുന്ദംകുളം	-	1
താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട	-	3
സി.എച്ച്.സി., പഴഞ്ഞി	-	1
പി.എച്ച്.സി., പുമംഗലം	-	1
പി.എച്ച്.സി., വടക്കേക്കാട്	-	1
പി.എച്ച്.സി., വല്ലച്ചിറ	-	1
ഗവ. ആശുപത്രി, ചേലക്കര	-	1
പി.എച്ച്.സി., കുഴൂർ	-	1
പി.എച്ച്.സി., അരീന്നൂർ	-	1
		42

(ബി) ഉണ്ട്. 98 'സ്റ്റൈപ്പൻഡറി കാൻഡിഡേറ്റ്സ്' ജോലി ചെയ്യുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

മെഡിക്കൽ കോളേജ് ആശുപത്രി	-	18
മെഡിക്കൽ കോളേജ് ആശുപത്രി, മുളംകുന്നത്തുകാവ്	-	26
താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ	-	4
താലൂക്ക് ആശുപത്രി, കുന്ദംകുളം	-	4
താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി	-	6
താലൂക്ക് ആശുപത്രി, ചാവക്കാട്	-	4
പി.എച്ച്.സി., മടവന	-	1
ഗവ. ആശുപത്രി, കാട്ടൂർ	-	1
ഗവ. ആശുപത്രി, തൃപ്രയാർ	-	2
ഗവ. ആശുപത്രി, അന്തിക്കാട്	-	1
ഗവ. ആശുപത്രി, വലപ്പാട്	-	2

LIBRARY ARCHIVES Kerala Legislative Assembly

സി.എച്ച്.സി., ചേർപ്പ്	–	4
ഗവ. ആശുപത്രി പഴയന്നൂർ	–	4
പി.എച്ച്.സി., കടപ്പുറം	–	3
പി.എച്ച്.സി., കൈപ്പമംഗലം	–	2
പി.എച്ച്.സി., മുല്ലശ്ശേരി	–	2
പി.എച്ച്.സി., പെരിഞ്ഞനം	–	2
പി.എച്ച്.സി., കൊങ്ങഴി	–	1
പി.എച്ച്.സി., വടക്കേക്കാട്	–	1
പി.എച്ച്.സി., നാട്ടിക	–	1
സി.എച്ച്.സി., പുത്തൻചിറ	–	1
സി.എച്ച്.സി., തോളൂർ	–	1
സി.എച്ച്.സി., തിരുവില്വാമല	–	1
ഗവ. മാനസികാരോഗ്യകേന്ദ്രം	–	4
പി.എച്ച്.സി. വെങ്കിടങ്ങ്	–	1
സി.എച്ച്.സി. മണലൂർ	–	1
ആകെ		98

(സി) ഉണ്ട്.

(ഡി) താൽക്കാലിക നിയമനം നടത്തിയിട്ടില്ല.

(ഇ) പി.എച്ച്.സി. മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ അറ്റൻഡർ ഗ്രേഡ്-1, 2, പി.ടി.സി. തുടങ്ങിയ തസ്തികകളിൽ താഴെ പറയുന്ന ഒഴിവുകൾ ഉണ്ട്.

1.	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1	–	15
2.	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2	–	31
3.	പി.ടി.സി.	–	88

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly